## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4313.** **24.06.2019 ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് കേസ് പ്രതികൾക്ക് വേഗത്തിൽ ജാമ്യം ലഭിക്കുന്ന അവസ്ഥ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്ത് മയക്കമരുന്ന് കേസ് പ്രതികൾക്ക് വേഗത്തിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകൾ നിയമത്തിൽ നിലനില്ക്കുന്നതിനാൽ ആയതിലെ പോരായ്മകൾ പരിഹരിച്ച് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കടുത്ത ശിക്ഷ ലഭിക്കത്തക്കവിധം നിയമഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (എ) യും (ബി) യും | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഇത്തരത്തിലുള്ള കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്നവർക്കുള്ള ശിക്ഷ തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം പരിഷ്കരിക്കുവാൻ ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് കത്തുകൾ അയയ്ക്കുകയും ഇക്കാര്യത്തിന് മുൻ കേന്ദ്രമന്ത്രി മുൻപാകെ നേരിട്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കഞ്ചാവ് കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഒരു കിലോയിൽ കുറവാണ് തൊണ്ടി മുതലായി പിടിക്കുന്നതെങ്കിൽ പ്രതികൾ എളുപ്പം രക്ഷപ്പെട്ടുപോകുകയും വീണ്ടും ഇതേകുറ്റത്തിന് പിടിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകാൻ നിയമത്തിൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ